129/DGE/HSE/NSS/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
20/01/2020

**സർക്കുലർ**

ക്യാമ്പസുകളിൽ ലഹരി വിരുദ്ധ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ മനോഭാവം വളർത്തുന്നതിന് വേണ്ടി ഹയർസെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം , നാഷണൽ ഹെൽത്ത് മിഷനും സംയുക്തമായി സംസ്ഥാന വ്യാപകമായി ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ***'ദ്രോൺ'*** എന്ന പേരിൽ പുകയില ലഹരി വിരുദ്ധ സ്ക്വാഡുകൾ നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. വിദ്യാലയത്തിന്റെ ചുറ്റുപാടുമുള്ള കടകളിലും മറ്റ് സ്ഥാപനങ്ങളിലും പുകയില , ലഹരി ഉത്പനങ്ങളുടെ വിനിമയം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി യൂണിറ്റുകളിൽ വോളന്റിയർമാരെ ഉപയോഗിച്ച് ലഹരിയുടെ ഉപയോഗത്തെ മനസ്സിലാക്കാനുള്ള സർവ്വേകൾ സംഘടിപ്പിക്കുക, ബോധവൽക്കരണ ലഘുലേഖകൾ വിതരണം ചെയ്യുക എന്നിവ സംഘടിപ്പിക്കേണ്ടതാണ്. സ്കൂളിന് 100 മീറ്റർ ചുറ്റളവിൽ ലഹരിയുടെ ഉപഭോഗം പരിപൂർണ്ണമായും ഒഴിവാക്കുന്നതിന് പൊതുസമൂഹത്തെ ബോധവൽക്കരിക്കുന്നതിനായി Yellow line campaign സംഘടിപ്പിക്കേണ്ടതാണ്. വിദ്യാലയത്തിന്റെ 100 മീറ്റർ ചുറ്റളവിൽ മഞ്ഞ പെയിന്റ് ഉപയോഗിച്ച് Yellow line വരയ്ക്കുകയും ലഹരി വിരുദ്ധമേഖല എന്ന് രേഖപ്പെടുത്തുകയും വേണം.

ക്യാമ്പസുകളിൽ ഈ പ്രവർത്തനത്തിന്റെ ഭാഗമായി ഹെൽത്ത് ടിപ്പ് ബോർഡുകൾ കുട്ടികളുടെ ശ്രദ്ധ കിട്ടുന്ന സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്. ഇതിലൂടെ നല്ല

ആരോഗ്യശീലങ്ങൾ പ്രദാനം ചെയ്യാൻ ഉതകുന്ന സന്ദേശങ്ങൾ ദൈനംദിനം എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

വിദ്യാർത്ഥികളിൽ വ്യായാമത്തിന്റെ അപര്യാപ്തതയും ജങ്ക് ആഹാരങ്ങളുടെ അമിതമായ ഉപഭോഗവും മൂലം അമിതവണ്ണവും ജീവിതശൈലീ രോഗങ്ങളും കടന്നുവരവിന്റെ സാധ്യതയും നിലനിൽക്കുന്നതിനാൽ ഈ രംഗത്ത് നല്ല അവബോധം നൽകേണ്ടതുണ്ട്. ഇതിനായി എൻഎസ്എസിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ 'ഹെൽത്ത് കോർണറുകൾ സ്ഥാപിക്കേണ്ടതാണ്. പ്രസ്തുത ഹെൽത്ത് കോർണറുകളിൽ കുട്ടികൾക്ക് ബോഡി മാസ് ഇൻഡക്സ് (ബിഎംഐ) ധാരണ ലഭിക്കാൻ വേണ്ടി 180 സെ.മീ x 60 സെ.മീ വലുപ്പത്തിലുള്ള കണ്ണാടി ഭിത്തിയിൽ ഒട്ടിച്ച സെന്റീമീറ്ററിലുള്ള ഒരു മെഷറിംഗ് ടേപ്പ്, വെയിംഗ് മെഷീൻ എന്നിവ സ്ഥാപിക്കേണ്ടതാണ്. പ്രസ്തുത ഹെൽത്ത് കോർണറുകളിൽ കുട്ടികൾ പാലിക്കേണ്ട ആരോഗ്യശീലങ്ങളെക്കുറിച്ചും സമഗ്രമായ ആരോഗ്യ ജീവിതശൈലിയെക്കുറിച്ചും പരാമർശിക്കുന്ന ലഘുലേഖകൾ ലഭ്യമാക്കാവുന്നതാണ്.

പ്രസ്തുത പ്രവർത്തനങ്ങൾക്കായി താഴെപറയുന്ന രീതിയിൽ തുക നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും യൂണിറ്റുകൾക്ക് ലഭിക്കുന്നതാണ്. ടി തുകകൾ ചിലവാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും റിപ്പോർട്ടും ജില്ലാകൺവീനർമാർ വഴി എൻഎസ്എസ് സെല്ലിൽ ഫെബ്രുവരി 5 ന് മുൻപായി ലഭ്യമാക്കേണ്ടതാണ്.

## I Anti Tobacco Campaign

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | അനുവദിക്കുന്ന തുക |
|---|---|---|
| 1 | ഡ്രോൺ പ്രവർത്തനങ്ങൾ | 1000 |
| 2 | ഹെൽത്ത് ടിപ്പ് ബോർഡുകൾ | 1500 |
| 3 | Yellow line Campaign | 800 |
| | ആകെ | 3300 |

II ഹെൽത്ത് കോർണർ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | അനുവദിക്കുന്ന തുക |
|---|---|---|
| 1<br>2<br>3 | വെയിംഗ് മെഷീൻ<br>മിറർ<br>മെഷറിംഗ് ടേപ്പ് (സെ.മീ) | 600<br>1800<br>100 |
| | ആകെ | 2500 |

പദ്ധതി നിർവ്വഹണ റിപ്പോർട്ടും കണക്കും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും യൂണിറ്റുതലത്തിൽ പ്രിൻസിപ്പലും പ്രോഗ്രാം ഓഫീസറും ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്. ജില്ലാ കൺവീനർമാർ ടി റിപ്പോർട്ട് ക്രോഡീകരിച്ച് എൻസിഡി ജില്ലാ നോഡൽ ഓഫീസർക്കു സമർപ്പിക്കേണ്ടതാണ്. അഡ്വാൻസ് തുകയായ 2900/- രൂപ എൻഎസ്എസ് യൂണിറ്റുകൾ നൽകിയ അക്കൗണ്ട് നമ്പറിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിംഗിനു ശേഷം ബാക്കി തുക നാഷണൽ ഹെൽത്ത് മിഷനുമായി ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം എത്തിച്ചേർന്ന എംഒയു അനുസരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ടി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. മേൽ വിവരിച്ച പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലായിട്ടുണ്ടെന്ന് പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ